
# അക്കാഡമിക് മാസ്റ്റർ പ്ലാൻ

## സി .എം .സി ഗേൾസ് ഹൈസ്കൂൾ

**എലത്തൂർ**


"Wisdom is not a product of schooling but of the lifelong attempt to acquire it."
Albert Einstein

## ആമുഖം

വിദ്യാഭ്യാസം ഒരു സമൂഹത്തിന്റെ മുന്നേറ്റത്തിനും നവീനതയ്ക്കും അടിസ്ഥാനം ഒരുക്കുന്ന ശക്തമായ ഉപാധിയാണ്. ഈ പശ്ചാത്തലത്തിൽ, വിദ്യാർത്ഥികളുടെ സമഗ്രമായ ബൗദ്ധിക, ശാരീരിക, സാമൂഹിക വളർച്ചയെ ലക്ഷ്യമിട്ടാണ് അക്കാദമിക് മാസ്റ്റർപ്ലാൻ രൂപകല്പന ചെയ്യുന്നത്. പുതിയകാല ശാസ്ത്ര-സാങ്കേതിക പുരോഗതികളുടെയും പാഠ്യവിഷയങ്ങളിലെ മാറ്റങ്ങളുടെയും പശ്ചാത്തലത്തിൽ അധ്യാപനം കൂടുതൽ ഫലപ്രദവും ആധുനികവുമാകുന്നതിന് ഒരു ദിശാനിർദേശമാണ് ഈ മാസ്റ്റർപ്ലാൻ.

ഈ പ്ലാനിൽ അധ്യാപനരീതികൾ, പഠനസാമഗ്രികൾ, അധ്യാപക ശാക്തീകരണം, പഠനഫലങ്ങൾ, പരീക്ഷാ രീതികൾ, ഡിജിറ്റൽ വിദ്യഭ്യാസത്തിന്റെ പ്രാധാന്യം തുടങ്ങിയവ വിശദമായി ഉൾപ്പെടുത്തിയിരിക്കുന്നു. ആഗോളതലത്തിൽ മാറ്റം സംഭവിക്കുന്ന വിദ്യാഭ്യാസപരിസ്ഥിതിയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട്, നമ്മുടെ സ്ഥാപനം ഉയർന്ന നിലവാരമുള്ള അധ്യയന അന്തരീക്ഷം ഒരുക്കുന്നതിനും വിദ്യാർത്ഥികളെ ഭാവിയിലേക്കുള്ള ശക്തമായ പൗരന്മാരായി രൂപപ്പെടുത്തുന്നതിനും ഈ അക്കാദമിക് മാസ്റ്റർപ്ലാൻ സഹായകരമാകുന്നു.ഈ രേഖ വായനക്കും , വിലയിരുത്തലിനും വിമര്ശനത്തിനുമായി സമർപ്പിക്കുന്നു.

# അവസ്ഥാ പഠനത്തിലെ കണ്ടെത്തലുകൾ

അക്കാഡമിക് മാസ്റ്റർ പ്ലാൻ രൂപീകരിക്കുന്നതിന് ഭാഗമായി സ്റ്റാഫ് കൗൺസിൽ, പി.ടി.എ , എസ് .എം.സി  എന്നിവ യോഗം ചേർന്ന് വിദ്യാലയത്തിന്റെ നിലവിലെ സാഹചര്യങ്ങൾ ചർച്ച ചെയ്യുകയും പ്രശ്നങ്ങളും അവയുടെ കാരണങ്ങളും ക്രോഡീകരിക്കുകയും ചെയ്തു. കൂടാതെ ഇത് പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച അക്കാഡമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഉപസമിതിക്ക് രൂപം നൽകി .

ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വിജയം പ്രധാനമായും അതിന്റെ അക്കാദമിക് പ്ലാനിന്റെ കൃത്യമായ ആസൂത്രണത്തിലെയും നടപ്പിലാക്കലിലെയും പ്രാപ്തിയിലുമാണ് ആശ്രയിക്കുന്നത്. നിലവിലുള്ള ഹൈസ്കൂൾ അക്കാദമിക് പ്ലാനിന്റെ പ്രവർത്തനക്ഷമതയും നിലവാരവും വിലയിരുത്തുന്നതിനാണ് ഈ നിലവിശകലനം തയ്യാറാക്കിയിരിക്കുന്നത്.

**അധ്യാപനരീതികൾ:**

- നിലവിൽ പഠിപ്പിക്കുന്ന അധ്യാപകർ നിർദ്ദിഷ്ട പാഠ്യപദ്ധതി അനുസരിച്ച് ക്ലാസ് നടത്തുന്നതായാണ് കണ്ടെത്തിയത്.
- എന്നാൽ, ക്ലാസുകളിൽ സജീവ പങ്കാളിത്തം വർദ്ധിപ്പിക്കുന്ന സാങ്കേതിക സഹായങ്ങൾ (ICT tools) ഉപയോഗം കുറവാണ്.
- പ്രധാനമായും ലക്ചർ രീതിയിലുള്ള അധ്യാപനമാണ് നടപ്പിലാക്കുന്നത്; വിദ്യാർത്ഥി കേന്ദ്രിത പഠനരീതികൾക്ക് പ്രാധാന്യം കുറവാണ്.

**പഠനഫലങ്ങൾ:**

- ഭാഷ , ഗണിതം എന്നീ വിഷയങ്ങളിൽ കുട്ടികൾക്ക് അടിസ്ഥാന ശേഷികൾ കൈവരിച്ചതിൽ പോരായ്മ കാണുന്നുണ്ട്.

- പഠന പ്രവർത്തനങ്ങളിൽ ഏകാഗ്രത നിലനിർത്താൻ കഴിയാത്ത അവസ്ഥ.

**അധ്യാപകശാക്തീകരണം:**

- ചില അധ്യാപകർക്ക് സിലബസ് സംബന്ധിച്ച സാങ്കേതികതകൾ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം ആവശ്യമുണ്ട്.
- പരിശീലന പരിപാടികൾ പതിവായി നടത്തണമെന്ന ആവശ്യകത പഠനത്തിൽ നിന്ന് തെളിയുന്നു.
- എ .ഐ സാങ്കേതികവിദ്യ പോലെയുള്ള നൂതന സാങ്കേതിക വിദ്യകൾ ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിനു ഉതകുന്ന പരിശീലനം ആവശ്യമാണ്.

**അടിസ്ഥാന സൗകര്യങ്ങൾ:**

- ഗ്രന്ഥശാല, ലാബ്, കമ്പ്യൂട്ടർ റൂം തുടങ്ങിയവ നിലവിലുണ്ടെങ്കിലും ഉപകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ കുറവുണ്ട്.
- സ്മാർട്ട് ക്ലാസുകൾ മുഴുവനായും പ്രാപ്തമാക്കിയിട്ടില്ല.
- കുട്ടികളുടെ കായികക്ഷമത വർധിപ്പിക്കുന്നതിന് ആവശ്യമായ കളിസ്ഥലം അടക്കമുള്ള സൗകര്യങ്ങൾ ഇല്ല.

**വിദ്യാർത്ഥികളുടെ പങ്കാളിത്തം:**

- സഹപാഠ പ്രവർത്തനങ്ങൾ കുറവാണ്. ക്ലബ്ബ് പ്രവർത്തനങ്ങൾ, പ്രൊജക്റ്റ് നിർമാണങ്ങൾ എന്നിവ കൂടുതൽ ആക്റ്റീവ് ആക്കേണ്ടതുണ്ട്.
- നിരവധി വിദ്യാർത്ഥികൾക്ക് മാനസികമായ ഉത്സാഹത്തിന്റെ അഭാവം ഉണ്ട്.- കൗൺസിലിംഗ് സേവനങ്ങൾ ആവിശ്യമാണ്.
- സാമൂഹ്യ സേവന പ്രവർത്തനങ്ങളിൽ വിദ്യാർഥികളുടെ പങ്കാളിത്തം വർധിപ്പിക്കേണ്ടതുണ്ട്.

---

# പ്രശ്നങ്ങളും അവയുടെ കാരണങ്ങളും

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| ഭാഷ - വായന | വായിക്കാൻ പ്രയാസം നേരിടുന്നു. | ✓ | | | വാക്കുകൾ മനസ്സിലാക്കുന്നതിൽ പ്രയാസം |
| ഭാഷ - എഴുത്ത് | കേട്ട് എഴുതാൻ പ്രയാസം നേരിടുന്നു. | | ✓ | | കേൾക്കുന്ന വാക്കുകൾ എഴുത്തിലേക്ക് സംക്രമിപ്പിക്കുന്നതിൽ പ്രയാസം |
| ഗണിതം | അടിസ്ഥാന ഗണിത ക്രിയകൾ ചെയ്യുന്നതിൽ പ്രയാസം | | ✓ | | ചതുഷ് ക്രിയകൾ അറിയാത്തത് |
| ശാസ്ത്രം | ശാസ്ത്ര പാഠങ്ങൾ മനസ്സിലാക്കുന്നതിൽ ബുദ്ധിമുട്ട് | ✓ | | | പഠന തുടർച്ച ഇല്ലാതായത് |
| ആരോഗ്യം | ശാരീരിക- മാനസിക വികാസം ഇല്ലായ്മ | | ✓ | | കോവിഡ് കാല അനുഭവങ്ങൾ , കായിക പ്രവർത്തനങ്ങളുടെ അഭാവം |

| കലാ വിദ്യാഭ്യാസം | ഉൾവലിയൽ മനോഭാവം | | ✓ | | കലാ പ്രവർത്തനങ്ങളുടെ അഭാവം |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

## ഹ്രസ്വകാല / ദീർഘ കാല ലക്ഷ്യങ്ങൾ

| ലക്ഷ്യങ്ങൾ | ഹ്രസ്വം | ദീർഘം |
|---|---|---|
| • ഗണിതം, ഭാഷ എന്നീ മേഖലകളിൽ കുട്ടികൾ അടിസ്ഥാന ശേഷികൾ ആർജ്ജിക്കുന്നതിലെ കുറവ് പരിഹരിക്കുക | ✔ | |
| • ശാസ്ത്ര വിഷയങ്ങളിൽ നേരിട്ട പഠന തുടർച്ച ഇല്ലായ്മ പരിഹരിക്കുക | ✔ | |
| • വിദ്യാർഥികൾക്ക് ക്ലാസ്മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമെ കലാ-കായിക-പ്രവൃത്തി പരിചയ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുക | | ✔ |

| | | |
|---|---|---|
| • ഓരോ വിദ്യാർഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും ആസ്വാദ്യകരമാക്കുക . | | ✓ |
| • കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക . | | ✓ |
| • ഓരോ വിദ്യാർഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ വികാസം സാധ്യമാക്കുന്ന തരത്തിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. | | ✓ |
| • സ്കൂൾ അന്തരീക്ഷം , പരിസരം എന്നിവ സൗന്ദര്യ വൽക്കരിച്ച് ആസ്വാദ്യകരമാക്കുക . | ✓ | |
| • പഠന പ്രവർത്തനങ്ങൾ കുട്ടികളിൽ മികച്ച പ്രതിഫലനം ഉണ്ടാക്കുന്ന തരത്തിൽ ക്ലാസ് മുറികളിലെ ഐ.സി.ടി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക. | ✓ | |
| • ജെൻഡർ തുല്യത , കൗമാര പ്രശ്നങ്ങൾ , സൈബർ സുരക്ഷാ , ലഹരി പദാർഥങ്ങളുടെ ഉപയോഗം എന്നീ വിഷയങ്ങളിൽ കുട്ടികളെ ബോധവൽക്കരിക്കുന്ന പ്രവർത്തങ്ങൾ സംഘടിപ്പിക്കുക. | | ✓ |

## സ്കൂൾ തല പ്രവർത്തനങ്ങളുടെ ഫോർമാറ്റ്

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഭാഷ | പത്ര വായന | ജൂൺ- ഓഗസ്റ്റ് | മലയാളം ക്ലബ് | | |
| 2 | ഇംഗ്ലീഷ് | ഇംഗ്ലീഷ് വൊക്കാബുലറി കോർണർ | ജൂൺ- ഡിസംബർ | ഇംഗ്ലീഷ് ക്ലബ് | | |
| 3 | | ഇംഗ്ലീഷ് ഫെസ്റ്റ് | സെപ്റ്റംബർ | ഇംഗ്ലീഷ് ക്ലബ് | 5000/- | |
| 4 | ഗണിതം | ഗണിത പാർക്ക് | ഓഗസ്റ്റ് | ഗണിത ക്ലബ് | 3000/- | |
| 5 | | ഗണിത ക്ലിനിക് | 1 വർഷം | ഗണിത ക്ലബ് | | |
| 6 | ശാസ്ത്രം | ജൈവ വൈവിധ്യ പാർക്ക് | ജൂൺ- ഓഗസ്റ്റ് | പരിസ്ഥിതി ക്ലബ് | 2000/- | |
| 7 | | ശാസ്ത്ര ലാബ് നവീകരണം | 1 വർഷം | പി.ടി.എ | 50000/- | |
| 8 | | ശാസ്ത്ര മാസിക | സെപ്റ്റംബർ - | സയൻസ് ക്ലബ് | 1000/- | |

| | | | | | | |
|---|---|---|---|---|---|---|
| | | | ഒക്ടോബർ | | | |
| 9 | കായികം | സൂമ്പ ഡാൻസ് | 1 വർഷം | കായിക അദ്ധ്യാപിക | | |
| 10 | കലാ വിദ്യാഭ്യാസം | മ്യൂസിക് റൂം | 1 വർഷം | പി.ടി.എ | 50000/- | |
| 11 | പ്രവൃത്തി പരിചയം | തയ്യൽ പരിശീലനം | 1 വർഷം | മാതൃ സമിതി | 10,000/- | |
| 12 | ഐ.ടി | എ.ഐ പരിശീലനം | 1 വർഷം | ലിറ്റിൽ കൈറ്റ്സ് | | |

## ഉപസംഹാരം

ഒരു വിദ്യാർത്ഥിയുടെയും വിദ്യാഭ്യാസ സ്ഥാപനത്തിന്റെയും ആധുനികവും ഗുണമേന്മയുള്ളതുമായ അക്കാദമിക് വളർച്ചയെ ലക്ഷ്യംവച്ച് തയ്യാറാക്കിയ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ, ഭാവിയിലെ വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസൃതമായി ഭാവനയും ദൂരദേശിയതയും പുലർത്തുന്ന ദിശാനിർദേശങ്ങളാണ് അവതരിപ്പിക്കുന്നത്. അധ്യാപന - പഠന രീതികളിലെ പുതുമ, പരിപാവനമായ ആധുനിക അടിസ്ഥാന സൗകര്യങ്ങൾ, പഠന ഫലങ്ങളിലെ ദൃശ്യപരമായ പുരോഗതി, ശാസ്ത്രീയമായ വിലയിരുത്തൽ രീതികൾ, സോഷ്യൽ അകൗണ്ടബിലിറ്റിയും ഉൾപ്പെടെ വിവിധ മേഖലകളിൽ ഈ പദ്ധതി ഉന്നത നിലവാരത്തിലേക്ക് സ്ഥാപനത്തെ നയിക്കും.

ഇത് നടപ്പിലാക്കുന്നതിലൂടെ വിദ്യാർത്ഥികൾക്കുള്ള അവസരങ്ങൾ വിപുലീകരിക്കപ്പെടുകയും, അക്കാദമിക് നിലവാരം ഉയർത്തുകയും, സ്ഥാപനത്തിന്റെ ആഗോള മത്സരശേഷി വർദ്ധിപ്പിക്കുകയുമാണ് ലക്ഷ്യം. സ്ഥാപനത്തിലെ എല്ലാ അംഗങ്ങളുടെയും സഹകരണം, പങ്കാളിത്തം, ദീർഘദർശിത്വം എന്നിവയാണ് ഈ പദ്ധതിയുടെ വിജയത്തിന് അടിസ്ഥാനം.